**ശ്രദ്ധക്ഷണിക്കൽ**

## സമഗ്ര ചികിത്സാ പദ്ധതി

ശ്രീ. എം. പി. അബ്ദു സമദ് സമദാനി: സർ, വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ് കേരളീയ സമൂഹത്തിന്റെ മുമ്പിലുള്ളത്. ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയ്ക്ക് മുമ്പാകെ അത് കൊണ്ടുവരാനാണ് ഈ ശ്രദ്ധക്ഷണിക്കൽ കൊണ്ടുദ്ദേശിക്കുന്നത്. കേരളം ഒരു ക്യാൻസർ ബാധിത പ്രദേശമായി മാറാതിരിക്കാൻ മുൻകൂട്ടി ആസൂത്രണങ്ങൾ നടത്തേണ്ട സാഹചര്യം നമ്മുടെ മുമ്പിൽ വന്നെത്തിയിരിക്കുന്നു. വളരെ മാരകമായ രീതിയിലാണ് അർബുദ രോഗബാധ കേരളത്തെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി, ഭരണത്തലവനായ ആദരണീയനായ മുഖ്യമന്ത്രി അടക്കമുള്ളവർ സ്വീകരിച്ച നടപടികൾ പ്രത്യേകം എടുത്തുപറയേണ്ടതാണ്; അത് ആശ്വാസമാണെന്ന കാര്യത്തിലും യാതൊരു സംശയവുമില്ല. പക്ഷേ, ഈ ഭീഷണി വളരെ വലുതാണ്. ചികിത്സയ്ക്ക് സംവിധാനങ്ങൾ ഒരുക്കിയതുകൊണ്ടോ, രോഗം വന്നതിനുശേഷം അതിനുള്ള ചികിത്സാ പദ്ധതികൾ സമഗ്രമാക്കാൻ നടപടികൾ സ്വീകരിച്ചതുകൊണ്ടോ കാര്യമില്ല. അത്യാവശ്യമായി വേണ്ടത് മുൻകരുതൽ നടപടികളാണ്. മലയാളികളുടെ ജീവിതശൈലിയിൽ, നിത്യേന ഉപയോഗിക്കുന്ന

പല ആഹാര സാധനങ്ങളിലും വായുവിലും വെള്ളത്തിലും വലിയ രീതിയിലുള്ള വിഷദംശനം സംഭവിച്ച കൊണ്ടിരിക്കുകയാണ്. ഈ വിഷബാധ തടയാതെ ക്യാൻസർ രോഗത്തിന്റെ ഭീഷണിയിൽ നിന്ന് സമൂഹത്തെ കരകയറ്റാൻ സാധിക്കുകയില്ല. വിദേശത്ത് നിരോധിക്കപ്പെട്ട കീടനാശിനികളും മരുന്നുകളും കേരളത്തിൽ നിർബാധം ചെലവഴിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇന്ത്യ നല്ല വിപണി യാണെന്ന് മനസ്സിലാക്കിക്കൊണ്ട് രാജ്യാന്തര കേന്ദ്രങ്ങൾ അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണിയായി കേരളത്തെയും കാണുന്നതിന്റെ ഭാഗമായി വളരെ വലിയ അപകടകരമായ സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. ഓരോ കാര്യങ്ങളും എണ്ണിയെണ്ണി പറയാൻ ഇതുപോലൊരു സമയം പരിമിതമാണെന്നറിയാം. പക്ഷേ, ഉപയോഗിച്ച് വലിച്ചെറിയുന്ന മൊബൈൽ ബാറ്ററിയിൽ നിന്ന് മണ്ണിലും വെള്ളത്തിലും ലയിക്കുന്ന മെർക്കുറിയും ലെഡ്ഡും ക്യാൻസർ പരത്തുന്നതാണ്. വെള്ളത്തിലെ ക്ലോറിൻ പോലും ക്യാൻസർ വരുത്തുമെന്ന് ശാസ്ത്രീയ പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ക്ലോറിൻ വെള്ളം അലുമിനിയം പാത്രത്തിൽ തിളപ്പിക്കുന്നതോടെ ഉണ്ടാകുന്ന അലുമിനിയം ക്ലോറൈഡ് ക്യാൻസറിന് വലിയ കാരണമാകുന്നുണ്ട്. അമേരിക്ക പോലുള്ള വിദേശ രാജ്യങ്ങളിൽ നിരോധിച്ച നിരവധി ഉൽപ്പന്നങ്ങൾ ഇന്ത്യയിൽ ഒരു തടസ്സവുമില്ലാതെ

വിറ്റഴിക്കപ്പെടുകയാണ്. ഇതൊക്കെ ക്യാൻസറസ് ആണെന്ന് ലോകാരോഗ്യ സംഘടന എണ്ണിപ്പറഞ്ഞ പട്ടികയുണ്ട്. ലോകാരോഗ്യ സംഘടനയുടെ ഇന്ത്യയിലെ പരിശോധനാ കേന്ദ്രങ്ങൾ എണ്ണിപ്പറഞ്ഞ സാധനങ്ങളെങ്കിലും വേണ്ടെന്ന് വയ്ക്കാനും നിരോധിക്കാനും സാധിക്കണം. ഇപ്പോൾ യഥാർത്ഥ കാരണങ്ങൾ കാണാതെയാണ് ക്യാൻസർ പോലൊരു വലിയ പ്രശ്നത്തെ നമ്മൾ അഭിസംബോധന ചെയ്യുന്നത്. ക്യാൻസറിനുള്ള കാരണങ്ങൾ കണ്ടെത്തണം. സൗന്ദര്യവർദ്ധക വസ്തുക്കൾ വരെ ക്യാൻസർ ഉണ്ടാക്കുന്നു. പച്ചക്കറിയിലെ വിഷാംശങ്ങൾ എല്ലാവർക്കും അറിയാവുന്നതാണ്. കേരളത്തിന് ദൈവം നൽകിയ, പ്രകൃതിയിലെ ഏറ്റവും വലിയ അനുഗ്രഹമാണ് കറിവേപ്പില. എന്നാൽ ഇന്ന് ഏറ്റവും അധികം ഭയപ്പെടേണ്ടത് ആ കറിവേപ്പിലയെയാണ്. കാരണം ഏറ്റവും വലിയ മാരക വിഷമേറ്റ സാധനമായി അത് മാറിക്കഴിഞ്ഞു. യഥാർത്ഥത്തിൽ കറിവേപ്പില ഒന്നാന്തരം ഔഷധമാണ്. ഔഷധത്തെപ്പോലും വിഷമാക്കുന്ന മനുഷ്യന്റെ ആർത്തിയും വാണിജ്യതാൽപ്പര്യങ്ങളും കണ്ടറിഞ്ഞ് നിലയ്ക്ക് നിർത്താത്തിട ത്തോളം കാലം ക്യാൻസറിനെ നേരിടാൻ കഴിയില്ല.

ഈ വിഷയത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മറുവശം കൂടി സൂചിപ്പിക്കാൻ ഉദ്ദേശിക്കുകയാണ്. ക്യാൻസർ പരത്തുന്ന നിരവധി ഘടകങ്ങൾ നമ്മുടെ

സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. പക്ഷേ, ക്യാൻസറിനെ നേരിടാൻ സഹായിക്കുന്ന ധാരാളം സംഗതികൾ ഇപ്പോഴുമുണ്ട്. അതിൽ ഭക്ഷണ സാധനങ്ങളുമുണ്ട്; ചക്ക പോലുള്ള കേരളത്തിന്റെ പ്രകൃതി വിഭവങ്ങളും ഉൽപ്പന്നങ്ങളുമുണ്ട്. ഈ ചക്കയെ അവഗണിച്ചുകൊണ്ടാണ് ക്യാൻസർ ഉണ്ടാക്കുന്ന പലതിന്റെയും പുറകെ ഓടിക്കൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ: ശ്രീ. എം.പി. അബ്ദു സമദ് സമദാനി, ഇന്ന് കൂടുതൽ സമയം എടുക്കരുത്.

ശ്രീ. എം. പി. അബ്ദു സമദ് സമദാനി: സർ, ഇല്ല. ഞാൻ ഒറ്റ മിനിട്ട് കൊണ്ട് അവസാനിപ്പിക്കുകയാണ്. അർബുദ രോഗ ബാധയെ പ്രത്യേകം നേരിടുന്നതിനുവേണ്ടി നമ്മുടെ സിസ്റ്റം സുസജ്ജമാക്കണം. അതിന് ധാരാളം പദ്ധതികൾ വേണം. പത്രങ്ങളിൽ ധാരാളം പഠനങ്ങളും റിപ്പോർട്ടുകളും വന്നുകൊണ്ടിരിക്കുകയാണ്. പലതും ഭീതിജനകമാണ്. കേരളത്തിലെ ചില ഗ്രാമങ്ങൾ ക്യാൻസറിന്റെ പിടുത്തത്തിൽ അമർന്നു കഴിഞ്ഞുവെന്നാണ് നമ്മുടെ പ്രഗൽഭരായ പത്രപ്രവർത്തകരുടെയൊക്കെ പഠന റിപ്പോർട്ടുകളിൽനിന്ന് മനസ്സിലാകുന്നത്. ഇത് മൊത്തത്തിൽ കണക്കിലെടുത്തു കൊണ്ട് ഒരുഭാഗത്ത് ക്യാൻസറിന് പ്രതിവിധി സ്വീകരിക്കാനും മറുഭാഗത്ത് ജീവിത ശൈലിയിലടക്കം

മുൻകരുതൽ നടപടികൾ സ്വീകരിക്കാനും ബോധവൽക്കരണം നടത്താനും അതോടൊപ്പം ക്യാൻസറിനെ തടയാനുപകരിക്കുന്ന കേരളത്തിന്റെ തന്നെ ഉൽപ്പന്നങ്ങൾ സാധാരണക്കാർക്ക് കൂടുതൽ ലഭ്യമാക്കാനും നമുക്ക് കഴിയണം. ഞാൻ ഊന്നിപ്പറയുകയാണ്, 'ചക്ക' പോലുള്ള ഭക്ഷണസാധനങ്ങൾ അവഗണിച്ച്, ക്യാൻസറുണ്ടാക്കുന്ന പല സാധനങ്ങളിലേയ്ക്കുമാണ് നമ്മുടെ മലയാളി സമൂഹം ഓടി അടുത്തുകൊണ്ടിരിക്കുന്നത്. ഈ സാഹചര്യം മനസ്സിലാക്കിക്കൊണ്ട് സാധാരണക്കാർക്ക് ക്യാൻസറിന് വിരുദ്ധമായ ഘടകങ്ങളുള്ള ആഹാര പദാർത്ഥങ്ങൾ കൂടുതൽ ലഭ്യമാക്കുന്നതടക്കമുള്ള നടപടികളിലേയ്ക്ക് പോകണം. അതിന് സർക്കാർ എന്തുനടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; സമഗ്രമായ ഒരു പദ്ധതി അർബുദ ഭീഷണിയുടെ കാര്യത്തിലാവശ്യമാണ്. അത് സർക്കാരിനോട് ആവശ്യപ്പെടാനാണ് ഞാൻ ഈ അവസരം ഉപയോഗിക്കുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയത്തെക്കുറിച്ചാണ് ബഹുമാന്യനായ മെമ്പർ എം. പി. അബ്ദു സമദ് സമദാനി ഇവിടെ അവതരിപ്പിച്ചത്. കഴിഞ്ഞ ആഴ്ച ഈ വിഷയം ശ്രീ. വി. എസ്. സുനിൽ കുമാറും ഇവിടെ അവതരിപ്പിച്ചിരുന്നു. സംസ്ഥാനത്ത് ക്യാൻസറിന് എതിരെയുള്ള പ്രചരണം

ശക്തിപ്പെടുത്തുന്നതിന്റെയും അതുപോലെതന്നെ സമഗ്രമായ ചികിത്സാ പദ്ധതികൾ നടപ്പിലാക്കുന്നതിനുംവേണ്ടി ഏറ്റവും വിപുലമായ കർമ്മ പദ്ധതികളാണ് സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഇന്ന് ആഗോള മാനവരാശി നേരിടുന്ന ഏറ്റവും മാരകമായ രോഗങ്ങളിലൊന്നാണ് ഇവിടെ സൂചിപ്പിച്ചതുപോലെ ക്യാൻസർ രോഗം. ഇതിന്റെ വ്യാപനം കേരളത്തിലും അനുദിനം വർദ്ധിച്ചുവരുന്ന ഒരു സാഹചര്യമാണ് ഇപ്പോഴുള്ളത്. സംസ്ഥാനത്ത് ഒന്നരലക്ഷത്തോളം ക്യാൻസർ രോഗികളുണ്ട് എന്നുള്ളതാണ് ഇപ്പോൾ കണക്കാക്കപ്പെട്ടിരിക്കുന്നത്. അമ്പതിനായിരത്തോളം ക്യാൻസർ രോഗികൾ ഓരോ വർഷവും പുതുതായി രജിസ്റ്റർ ചെയ്യുന്നുണ്ട്. ഇവരിൽ ഈ വർഷം ആർ.സി.സി.-യിൽ മാത്രം 15,940 പേർ രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭീകരമായ ഒരവസ്ഥ മുന്നിൽ കണ്ടുകൊണ്ട് ആദ്യമായി ഗവൺമെന്റ് ചികിത്സാരംഗത്ത് പരമാവധി സൗജന്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണെന്ന് ഇതിന്റെ ഭാഗമായി ഞാൻ പറയാൻ ആഗ്രഹിക്കുക യാണ്. ദേശീയ ശ്രദ്ധ നേടിയ 'സുകൃതം' പദ്ധതിയിലൂടെ ഒട്ടേറെപേർക്ക് സൗജന്യ ക്യാൻസർ ചികിത്സ ലഭ്യമാക്കാൻ ഇന്ന് നടപടി സ്വീകരിച്ചുകഴിഞ്ഞു. ആർ.സി.സി., മലബാർ ക്യാൻസർ സെന്റർ, തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി

എന്നിവിടങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 35 ലക്ഷം കുടുംബങ്ങളെ യാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതോടൊപ്പംതന്നെ സംസ്ഥാനത്തെ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ രോഗങ്ങൾക്കും സൗജന്യ ചികിത്സ ലഭ്യമാക്കുന്ന 'ആരോഗ്യ കിരണം പദ്ധതി' കേരളത്തിൽ നടപ്പിലാക്കുന്നുണ്ട്. അതിലൂടെ ക്യാൻസർ ചികിത്സയും സൗജന്യമായി നൽകുന്നുണ്ട്. ആരോഗ്യ വകുപ്പ് 2013-ൽ ആരംഭിച്ച 'ജില്ലാ ക്യാൻസർ കെയർ പദ്ധതി'യിലൂടെ എല്ലാ ജില്ലകളിലും ക്യാൻസർ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലും ഓരോ ആശുപത്രികൾ തെരഞ്ഞെടുത്ത് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും അവശ്യ സാമഗ്രികൾ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. ഡോക്ടർമാർക്കും നഴ്സുമാർക്കും പരിശീലനം നൽകി തിരുവനന്തപുരം ജനറൽ ആശുപത്രിയിലും ഇടുക്കി ജില്ലയിലെ തൊടുപുഴ ജില്ലാ ആശുപത്രിയിലും (അവിടെ രണ്ടിടത്തുമാണ് ഇനി ആരംഭിക്കാനുള്ളത്) ക്യാൻസർ കെയർ സെന്ററുകൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്. ഈ വർഷം ഫെബ്രുവരി 4-ാം തീയതി ലോക ക്യാൻസർ ദിനത്തിൽ സംസ്ഥാനത്ത് ആരംഭിച്ച 'Kerala Campaign against Cancer' എന്ന ബൃഹത്തായ ക്യാൻസർ ബോധന നിയന്ത്രണ ചികിത്സാ പദ്ധതി പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ നടന്നുവരുന്നു. തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളുടെയും ആർ.സി.സി.-യുടെയും ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും സഹകരണത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. കേരളത്തിലെ സ്ത്രീകളിൽ കൂടുതലായി കണ്ടുവരുന്നത് ബ്രെസ്റ്റ് ക്യാൻസറും ഗർഭാശയ ക്യാൻസറുമാണ്. വായിലെ ക്യാൻസറാണ് പുരുഷന്മാരിൽ കൂടുതലായി കണ്ടു വരുന്നത്. ഇവ തുടക്കത്തിലെ കണ്ടുപിടിച്ചാൽ 90 ശതമാനത്തോളം പൂർണ്ണമായും ചികിത്സിച്ച ഭേദമാക്കാവുന്നതാണ്. കുടുംബശ്രീയും ആർ.സി.സി.-യും സംയുക്തമായി നടപ്പിലാക്കുന്ന 'സ്വാസ്ഥ്യം' എന്ന ക്യാൻസർ ബോധവൽക്കരണ പ്രതിരോധ നിയന്ത്രണ പദ്ധതിയുടെ രണ്ടാംഘട്ടം സംസ്ഥാനത്ത് പുരോഗമിക്കുകയാണ്. തിരുവനന്തപുരം ആർ.സി.സി.-യെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ആക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. 120 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഇതുമൂലം നമുക്ക് ലഭ്യമാകുകയാണ്. ചികിത്സാരംഗത്ത് മികവിനുള്ള ദേശീയ അംഗീകാരമായ എൻ.എ.ബി.എച്ച്. അക്രെഡിറ്റേഷൻ ആർ.സി.സി.-ക്ക് ലഭ്യമായി. 117 കോടിയിലധികം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ആർ.സി.സി.-യിൽ കഴിഞ്ഞ നാലുവർഷക്കാലം കൊണ്ട് നടപ്പിലാക്കിയത്. ആർ.സി.സി.-യിൽ PET Scan സ്ഥാപിച്ചു കഴിഞ്ഞു, പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതാണ്. സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ ഡോക്ടർമാർക്കും നഴ്സുമാർക്കും ക്യാൻസർ

പരിചരണത്തിൽ പ്രത്യേക പരിശീലന പരിപാടികൾ നടപ്പിലാക്കിവരികയാണ്. അമേരിക്കയിലെ നാഷണൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട്, യു.കെ.-യിലെ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി, ഫ്രാൻസിലെ ഐ.എ.ആർ.സി. എന്നിവയുടെ സഹകരണത്തോടെ പ്രവർത്തിക്കുന്ന ആർ.സി.സി.-യുടെ ലോകോത്തര നിലവാരത്തിലുള്ള പ്രയാണം ആരോഗ്യ രംഗത്ത് തികച്ചും ആശ്വാസകരമാണ്. എറണാകുളത്ത് 450 കോടി രൂപ ചെലവിൽ ആധുനിക ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടും റിസർച്ച് സെന്ററും ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും. സമയബന്ധിതമായി ഇത് പൂർത്തീകരിക്കുന്നതിനുവേണ്ടി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ ക്യാൻസർ ചികിത്സാ വിഭാഗത്തിന് മിനി ആർ.സി.സി. പദവി ലഭിച്ചുകഴിഞ്ഞു. വികസന പ്രവർത്തനങ്ങൾക്കായി 45 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കോട്ടയം, ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ മിനി ആർ.സി.സി.-കൾ, ടെർഷ്യറി ക്യാൻസർ സെന്ററുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്ററുകൾ സ്ഥാപിച്ചുകഴിഞ്ഞു. തിരുവനന്തപുരം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ ഇത് സ്ഥാപിക്കുന്നതിനുള്ള

നടപടികൾ പുരോഗമിക്കുകയാണ്. കോട്ടയം മെഡിക്കൽ കോളേജിൽ രണ്ടാമത്തെ ലീനിയർ ആക്സിലറേറ്റർ വാങ്ങുന്നതിനുള്ള അനുമതിയും നൽകി. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ മാമോഗ്രാം യൂണിറ്റ് തുടങ്ങി. തൃശ്ശൂർ മെഡിക്കൽ കോളേജിലെ ക്യാൻസർ ചികിത്സാ വിഭാഗത്തിൽ ഡേ-കെയർ കീമോതെറാപ്പി വാർഡ്, പാലിയേറ്റീവ് വാർഡ്, ഐ.സി.യു. എന്നിവ പ്രവർത്തനമാരംഭിച്ചു. ചികിത്സാ ചെലവിൽ ഇന്നും ഒന്നാം സ്ഥാനത്ത് നിൽക്കുന്ന രോഗമാണ് ക്യാൻസർ. അതുകൊണ്ടുതന്നെ രോഗികൾക്ക് പ്രയാസം നേരിടാതിരിക്കാൻ 69 ഇനം മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി സംസ്ഥാനത്തുടനീളം സൗജന്യമായി ലഭ്യമാക്കുന്നുണ്ട്. പ്രതിവർഷം 10 കോടിയലധികം രൂപയുടെ ക്യാൻസർ മരുന്നുകൾ ഈവിധം ലഭ്യമാക്കുന്നുണ്ട്.

ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച പ്രധാനപ്പെട്ട ഒരു കാര്യം, 'ആയുർവേദ-യോഗ-പ്രകൃതിചികിത്സ-യുനാനി-സിദ്ധ-ഹോമിയോപ്പതി' എന്നീ ചികിത്സാ സമ്പ്രദായങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് കേന്ദ്ര ആയുഷ് വകുപ്പിന് സമാനമായി സംസ്ഥാനത്ത് ആ മേഖലയിലെ ചികിത്സകൂടി സംയോജിപ്പിച്ചു പോകുന്നതിനുവേണ്ടി നമ്മൾ ഇവിടെ ആയുഷ് വകുപ്പ് രൂപീകരിച്ചുകഴിഞ്ഞു. പ്രസ്തുത ആയുഷ് വകുപ്പിന്റെ രൂപീകരണത്തിലൂടെ ക്യാൻസർ പ്രതിരോധ നിയന്ത്രണ

പ്രവർത്തനങ്ങളുടെ കരുത്ത് പകരുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിക്കുകയാണ്. ഭാരതീയ ചികിത്സാ വകുപ്പും ഹോമിയോപ്പതി വകുപ്പും വിലപ്പെട്ട സംഭാവനകളാണ് ക്യാൻസർ ചികിത്സാ രംഗത്ത് നൽകുന്നത്. ആർ.സി.സി.-യിൽ കഴിഞ്ഞ വർഷം ആരംഭിച്ച ആയുർവേദ സാന്ത്വന ചികിത്സാ വിഭാഗം ഒട്ടേറെ രോഗികൾക്ക് ആശ്വാസം പകരുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഇന്ന് വളരെ കുറച്ച് സമയമേ എടുക്കാൻ പാടുള്ളൂ.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഇപ്പോൾ അവസാനിപ്പിക്കാം. ഹോമിയോപ്പതി വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള രണ്ട് മെഡിക്കൽ കോളേജുകളിലും മലപ്പുറം ചേതന ക്യാൻസർ ചികിത്സാകേന്ദ്രത്തിലും ഹോമിയോപ്പതി ചികിത്സ ലഭ്യമാകുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച മറ്റൊരു കാര്യം, വിഷലിപ്തമായ പച്ചക്കറികൾ, പഴങ്ങൾ, മായം ചേർത്ത ഭക്ഷണപദാർത്ഥങ്ങൾ എന്നിവ ക്യാൻസറിനും മറ്റ് രോഗങ്ങൾക്കും കാരണമാകുന്നുണ്ടെന്ന തിരിച്ചറിവിന്റെ വെളിച്ചത്തിൽ ആരോഗ്യ വകുപ്പിന്റെ ഭക്ഷ്യസുരക്ഷാ വിഭാഗം വിപുലമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അന്യസംസ്ഥാനങ്ങളിൽനിന്ന് ഇവിടെ എത്തിച്ചേരുന്ന പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും ശക്തമായ

പരിശോധനകൾ നടത്തി വരികയാണ്. ഈ വർഷം ഓണക്കാലത്തോടനുബന്ധിച്ച്, ആഗ്സ്റ്റ് 1 മുതൽ ആഗസ്റ്റ് 30 വരെ, ശക്തമായ പരിശോധനകൾ നടത്തുന്നതിനു വേണ്ടി 'ഓപ്പറേഷൻ രുചി' എന്ന പദ്ധതിയിലൂടെ ശക്തമായ നടപടികൾ സ്വീകരിക്കുകയാണ്. നേരത്തെ ശ്രീ. വി. എസ്. സുനിൽ കുമാർ ഉന്നയിച്ച ഒരു പ്രധാനപ്പെട്ട കാര്യമാണ് ഇവിടെ ഒരു ക്യാൻസർ രജിസ്ട്രി രൂപീകരിക്കണമെന്നുള്ളത്.

മി. സ്പീക്കർ: ഇന്ന് എല്ലാ ദിവസത്തെയുംപോലെ സമയം കൂട്ടതലെടുക്കാൻ പാടില്ല. അറിയാമല്ലോ.

ശ്രീ. വി. എസ്. ശിവകുമാർ: സർ, അവസാനിപ്പിക്കാം. സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ രജിസ്ട്രി തയ്യാറാക്കുന്നതിനും ക്യാൻസർ രോഗം വ്യാപിക്കുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തുന്നതിനും ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുന്നതിനുവേണ്ടി തീരുമാനിച്ചിട്ടുണ്ട്. ആർ.സി.സി. ഡയറക്ടർ ഡോ. പോൾ സെബാസ്റ്റ്യൻ കൺവീനറും എം.സി.സി. ഡയറക്ടർ ഡോ. ബി. സതീശൻ, ലേക്ഷോർ ഹോസ്പിറ്റലിലെ ഡോ. വി. പി. ഗംഗാധരൻ, അമൃതാ ഹോസ്പിറ്റലിലെ ഡോ. പി. ഗംഗാധരൻ, ആർ.സി.സി.-യിലെ കമ്മ്യൂണിറ്റി ഓങ്കോളജി ഡിപ്പാർട്ട്മെന്റിലെ ഡോ. ഏലിയാമ്മ മാത്യു, കോഴിക്കോട് മെഡിക്കൽ

കോളേജിലെ ഡോ. അജയകുമാർ, ഹെൽത്ത് സർവ്വീസ് കൺസൾട്ടന്റ് ഡോ. ശ്യാം സുന്ദർ എന്നിവർ അംഗങ്ങളായിട്ടുള്ള സമിതിയാണ് രൂപീകരിച്ചിട്ടുള്ളത്. ക്യാൻസർ രോഗത്തെ പ്രതിരോധിക്കുന്നതിനും ഇതിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും രജിസ്റ്റർ തയ്യാറാക്കുന്നതിനുംവേണ്ടിയാണ് ഈ സമിതിയെ നിയോഗിച്ചിട്ടുള്ളത്. 6 മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ സമിതിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ക്യാൻസർ നിയന്ത്രണത്തിനായുള്ള പ്രചരണ പരിപാടിയുടെ ഭാഗമായി, ബോധവൽക്കരണം, മുൻകൂർ രോഗനിർണ്ണയം, ചികിത്സ, സാന്ത്വന ചികിത്സ, പഠനഗവേഷണങ്ങൾ എന്നീ മേഖലകളിലെല്ലാം സർക്കാർ അതീവ ജാഗ്രത പുലർത്തുന്നുണ്ട്.

<u>മി. സ്പീക്കർ:</u> 7 മിനിട്ടായി. മറുപടി അങ്ങ് മേശപ്പുറത്ത് വച്ചാൽ മതി.

<u>ശ്രീ. വി. എസ്. ശിവകുമാർ:</u> സർ, ഒരു വാചകം കൂടിയേയുള്ളൂ. തിരുവനന്തപുരം ആർ.സി.സി.-യിൽ 10 നിലയുള്ള ഒ.പി.ഡി. ബ്ലോക്ക് ഡിസംബർ മാസത്തിൽ ഉത്ഘാടനം ചെയ്യും. മോഡേൺ മെഡിസിനും, ആയുർവ്വേദം, ഹോമിയോ, യുനാനി മുതലായ ആയുഷ് ചികിത്സാ രീതികളും സമന്വയിപ്പിച്ച് കൊണ്ടുള്ള ഹോളിസ്റ്റിക് മെഡിക്കൽ വിഭാഗം ഈ ബ്ലോക്കിൽ ആരംഭിക്കും. അത് അദ്ദേഹം പറഞ്ഞ പ്രധാനപ്പെട്ട ഒരു പോയിന്റായിരുന്നു. ഇതിനുവേണ്ടിയുള്ള

നടപടികളുമായി മുമ്പോട്ട് പോകുന്നു. ക്യാൻസർ ചികിത്സയ്ക്കും അതുപോലെതന്നെ പ്രതിരോധ പ്രവർത്തനങ്ങൾക്കും ഏറ്റവും മുന്തിയ പരിഗണന കൊടുത്തുകൊണ്ടാണ് ഈ ഗവൺമെന്റ് മുമ്പോട്ടുപോകുന്നത്. ഈ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എം. പി. അബ്ദു സമദ് സമദാനി</u>: സർ, വിശദമായ മറുപടിക്ക് മന്ത്രിയോട് പ്രത്യേക നന്ദിയുണ്ട്. മാത്രവുമല്ല, സർക്കാർ ഒരുപാട് ആശ്വാസ നടപടികൾ സ്വീകരിച്ചതും വളരെ ശ്രദ്ധേയമാണ്. പക്ഷെ ഞാൻ ഇവിടെ ഉന്നയിച്ച ഈ ശ്രദ്ധക്ഷണിക്കലിന്റെ മർമ്മം, ക്യാൻസർ പടർത്തുന്ന ഘടകങ്ങൾ നിർബാധം തുടരുകയും ക്യാൻസറിനെ തടുക്കുന്ന ഘടകങ്ങൾ ലഭ്യമായത് ഉപയോഗിക്കപ്പെടാതെ പോവുകയും ചെയ്യുന്നൊരു ദുരവസ്ഥയാണ് കേരളത്തിലുള്ളത് എന്നാണ്. ചക്കക്കുരു ഉപയോഗിച്ച് മരുന്നുണ്ടാക്കി കാൻസറിനെതിരായി മാർക്കറ്റിലിറക്കുന്നുണ്ട്. ഈ ചക്കയുടെയും ചക്കക്കുരുവിന്റെയും മീതെ ചവിട്ടിയിട്ടാണ് മലയാളികൾ നടക്കുന്നത്. ഈ ചക്കയെങ്കിലും സാധാരണക്കാരുടെ കാര്യത്തിൽ കൂടുതലുപയോഗിക്കുന്നതിനും അതിലേയ്ക്ക് ജനങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നതിനും ഇതുപോലുള്ള ക്യാൻസർ വിരുദ്ധ ഘടകങ്ങൾക്ക് സർക്കാർ പ്രത്യേക പരിഗണനയും പ്രോത്സാഹനവും നൽകണം. അതോടൊപ്പം ക്യാൻസർ പരത്തുന്ന ഘടകങ്ങൾ....... ഇപ്പോൾ പുറത്തുനിന്നും

വരുന്ന പച്ചക്കറിയുടെ കാര്യത്തിലൊക്കെ പല നിയന്ത്രണങ്ങളും ആവശ്യമാണ്. സർക്കാർ വളരെ നിശ്ചയദാർഢ്യത്തോടെ ഇതിനെ നേരിടണം. തടയേണ്ടിവന്നാൽ തടയണം. അതൊന്നുമുണ്ടാകുന്നില്ല. അങ്ങനെയുള്ള നടപടികൾക്കും ബോധവൽക്കരണത്തിനും ക്യാൻസറിന് വിരുദ്ധമായി കേരളത്തിലുള്ള പ്രത്യേകമായ പ്രകൃതി വിഭവങ്ങൾ ഉപയോഗപ്പെടുത്താനുള്ള ഒരു സമഗ്ര പദ്ധതിയെക്കുറിച്ചുകൂടി ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഇതിന്റെ റിപ്പോർട്ട് ലഭ്യമായതിനുശേഷം ആവശ്യമായിട്ടുള്ള കൂടുതൽ നടപടികൾ സ്വീകരിക്കുന്നതാണ്. നമ്മുടെ ജീവിതശൈലി രോഗങ്ങളുടെ ഭാഗമായിട്ടാണ് ക്യാൻസർ രോഗം വർദ്ധിക്കുന്നത്. നമ്മുടെ ജീവിതശൈലിയിൽത്തന്നെ മാറ്റങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. അതോടൊപ്പംതന്നെ ജനങ്ങളിൽ ഇതിനെക്കുറിച്ച് കൂടുതൽ അവെയർനസ് ഉണ്ടാക്കണം. നമ്മുടെ ഭക്ഷണ പദാർത്ഥങ്ങളിലും പച്ചക്കറികളിലുമുള്ള വിഷാംശങ്ങളും കൂടുതലായി കീടനാശിനികൾ കലർത്തിയിട്ടുള്ള ഭക്ഷണ പദാർത്ഥങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവന്ന് ഉപയോഗിക്കുന്നതും ഇതിനൊരു പ്രധാനപ്പെട്ട കാരണമായി നിലനിൽക്കുന്നു. അതിന് രണ്ടുതലങ്ങളിലാണ് സംസ്ഥാന ഗവൺമെന്റ് പ്രവർത്തിച്ച

കൊണ്ടിരിക്കുന്നത്. ഒന്ന്, പച്ചക്കറികളിൽ അമിതമായിട്ടുള്ള കീടനാശിനി പ്രയോഗിക്കുന്നത് തടയുന്നതിന് വളരെ ശക്തമായ നടപടികൾ എടുത്തുകഴിഞ്ഞു. മറ്റ് സംസ്ഥാനങ്ങളിൽ ഇതൊരു വലിയ ചർച്ചയായി കഴിഞ്ഞിരിക്കുന്നു. ഇതിനുവേണ്ട നടപടികൾ സ്വീകരിക്കും. സ്വയംപര്യാപ്തമായ കാർഷിക മേഖല കൈവരിക്കാൻ സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇവിടെ പച്ചക്കറികളുടെ ഉത്പാദനം 22 ശതമാനമായിരുന്നത് 75 ശതമാനത്തിന് മുകളിലാക്കാൻ നമുക്ക് കഴിഞ്ഞു. സ്വയംപര്യാപ്തമായൊരു തലത്തിലേയ്ക്ക് പോകാൻ കഴിഞ്ഞാൽ തീർച്ചയായും വിഷലിപ്തമായിട്ടുള്ള ആഹാരപദാർത്ഥങ്ങൾ ഉപയോഗിക്കുന്ന സാഹചര്യം ഒഴിവാക്കാൻ കഴിയും. അതിനുവേണ്ടി കൂടുതൽ അവെയർനസ്സിനെക്കുറിച്ചുകൂടി ഗവൺമെന്റ് ആലോചിക്കുന്നതാണ്.

## സഹകരണ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. എം. ഹംസ: സർ, കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സഹകരണ പ്രസ്ഥാനത്തെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ നേതൃത്വത്തിൽ സഹകരണ പ്രസ്ഥാനത്തെ നശിപ്പിക്കുമ്പോൾ സംസ്ഥാന

സഹകരണ വകുപ്പും സംസ്ഥാന സഹകരണ വകുപ്പുമന്ത്രിയും സഹകരണ പ്രസ്ഥാനത്തെ രക്ഷിക്കാൻ ഇടപെടണമെന്നാണ് എനിക്ക് ഒന്നാമതായി അഭ്യർത്ഥിക്കാനുള്ളത്. ഇപ്പോൾ കേന്ദ്ര ഫിനാൻസ് ബിൽ അവതരിപ്പിച്ചു. അതിൽ 'പാൻ' ഉള്ള സംഘങ്ങളിൽനിന്ന് നിക്ഷേപത്തിന്റെ പലിശയായി പതിനായിരം രൂപയിൽ കൂടുതൽ നിക്ഷേപമുണ്ടെങ്കിൽ പത്ത് ശതമാനവും 'പാൻ' ഇല്ലാത്ത സംഘങ്ങളിൽനിന്ന് ഇരുപത് ശതമാനവും ഇന്ററസ്റ്റ് ഈടാക്കണമെന്ന് നിർബന്ധിച്ചിരിക്കുന്നു. ഇത് സഹകരണ പ്രസ്ഥാനത്തെ അപകടത്തിലാക്കും. അതുകൊണ്ട് അതിൽ ഇടപെടണമെന്നാണ് എനിക്ക് പറയാനുള്ളത്.

മറ്റൊന്ന്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ജൂൺ മാസം 5-ാം തീയതി പുറപ്പെടുവിച്ചിട്ടുള്ള ഒരു സർക്കുലറിൽ പറയുന്നത് എത്ര തുകയാണോ നിക്ഷേപമായിട്ടുള്ളത്, ആ നിക്ഷേപത്തിന്റെ ഇരുപത്തിയൊന്നര ശതമാനം എസ്.എൽ.ആർ. ആയി സൂക്ഷിക്കണമെന്നാണ്. ആ എസ്.എൽ.ആർ.-ന്റെ 5 ശതമാനം 2015 മാർച്ച് 31-ാം തീയതിയും 10 ശതമാനം 2016 മാർച്ച് 31-ാം തീയതിയും ഗവൺമെന്റ് സെക്യൂരിറ്റിയിൽ കൊടുക്കണം. 2017 മാർച്ച് 31-ാം തീയതിയാകുമ്പോൾ എസ്.എൽ.ആർ.-ലെ ഇരുപത്തിയൊന്നര ശതമാനവും ഗവൺമെന്റ് സെക്യൂരിറ്റിയിൽ കൊടുക്കണമെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

നിർബന്ധിച്ചിരിക്കുന്നു. സംസ്ഥാന സഹകരണ ബാങ്കിലെ ആകെ നിക്ഷേപം 870 കോടി രൂപയാണ്. അതിൽ 500 കോടി രൂപയും ജില്ലാ ബാങ്കുകളിലാണ്. രണ്ട് ബാങ്കുകളും എസ്.എൽ.ആർ. ഗവൺമെന്റ് സെക്യൂരിറ്റിയിൽ കൊടുത്താൽ ഈ സഹകരണ ബാങ്കുകൾ ഇനിയെങ്ങനെ നിലനിൽക്കും? ഈ നിയമമനുസരിച്ച് 2017 മാർച്ച് മാസം 31-ാം തീയതി കേരളത്തിലെ എല്ലാ സഹകരണ ബാങ്കുകളും പൂട്ടാൻ പോവുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇതിൽ ഇടപെടണം. ഇപ്പോൾ ഇന്ത്യയിലെ 1736 അർബൻ ബാങ്കുകളിലും 371 ജില്ലാ ബാങ്കുകളിലും കൂടിച്ചേർന്ന് ആറ് ലക്ഷം കോടി രൂപ നിക്ഷേപമുണ്ട്. 2017 മാർച്ച് 31-ാം തീയതി കേന്ദ്ര ഗവൺമെന്റിന്റെ ഖജനാവിലേയ്ക്ക് 1.25 ലക്ഷം കോടി രൂപ ഉണ്ടാക്കുകയെന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അതിന്റെ ഭാഗമായി സഹകരണ മേഖലകളിലൂടെ ഇന്ന് കേരളത്തിൽ സമാഹരിച്ച പണം കേരളത്തിന്റെ സമ്പദ്ഘടനയ്ക്കും ഓരോ സംസ്ഥാനങ്ങളിലും സമാഹരിച്ച പണം ആ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെയും പുരോഗതിക്ക് കിട്ടാത്ത അവസ്ഥയുണ്ടാകും. മൂന്നാമതായി ഒരു കാര്യം പറയാനുള്ളത്, ഇതുപോലെയൊരു ഇരുട്ടടി സംസ്ഥാന ഗവൺമെന്റും ചെയ്യുന്നുണ്ട്. സംസ്ഥാന ഗവൺമെന്റ് ചെയ്യുന്ന ആ ഇരുട്ടടിയെങ്കിലുമൊന്ന് നിർത്തണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ

സഹകരണ സംഘങ്ങൾക്ക് ഇളവുണ്ടായിരുന്നു. ഒരു സംഘവും ഒരു മെമ്പറും തമ്മിലുള്ള ഇടപാട് നടത്തുമ്പോൾ ഒരിക്കലും സ്റ്റാമ്പ് ഡ്യൂട്ടി വാങ്ങിയിരുന്നില്ല. കോടതി വിധിയെ വ്യാഖ്യാനിച്ചുകൊണ്ട് ഇപ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി വാങ്ങിക്കൊണ്ടിരിക്കുകയാണ്. സഹകരണ സംഘങ്ങൾ ഇപ്പോൾ ജപ്തി നടപടിയിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട കേസ് സുപ്രീംകോടതി തല്ക്കാലം സ്റ്റേ ചെയ്തിരിക്കുകയാണ്. സുപ്രീംകോടതിയിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇളവിനെ സംബന്ധിച്ച് റവന്യൂ റിക്കവറി ഉണ്ടാകില്ലായെന്ന് ഉറപ്പുവരുത്തുക മാത്രമല്ല, സ്റ്റാമ്പ് ഡ്യൂട്ടിയിലെ Sec.51(d) Transfer of Properties Act-ഉം 1969-ലെ സഹകരണ നിയമം 40(1)(a)- ലെ വകുപ്പും നിലനിർത്തിക്കൊടുക്കാനുള്ള സംവിധാന മുണ്ടാക്കണം. അതിന് ബഹുമാനപ്പെട്ട മന്ത്രി ഇടപെടണം. സഹകരണ സംഘവും മെമ്പറും തമ്മിലുള്ള ഇടപാടുകളിൽ സ്റ്റാമ്പ് ഡ്യൂട്ടി വാങ്ങാൻ പാടില്ല, അതിന്റെ ഭാഗമായി റവന്യൂ റിക്കവറി പാടില്ല, ആ റവന്യൂ റിക്കവറി നടപടികളെല്ലാം നിർത്തിവയ്ക്കണം.

മറ്റൊന്ന്, കേരളത്തിലെ ഗവൺമെന്റ് ഇപ്പോൾ ഏറ്റവും നന്നായി ചെയ്തുവെന്ന് അവകാശപ്പെടുന്ന ഒന്നാണ് വിലനിലവാരം പിടിച്ചുനിർത്താനുള്ള ഇടപെടൽ. ശ്രീ. ജി. സുധാകരൻ മന്ത്രി ആയിരിക്കുന്ന സന്ദർഭത്തിൽ 4500 അരിക്കടകൾ തുറന്നു.

അരിയുടെ വില നിയന്ത്രിക്കാനാവശ്യമായ ഇടപെടൽ നടത്തി. അത് വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകളുടെ മാതൃകയായിരുന്നു. ഇപ്പോൾ 2180 നന്മ സ്റ്റോറുകളുണ്ട് എന്നുപറയുന്നു. അവയുടെ എണ്ണം 1557 ആയി ചുരുങ്ങി. നന്മ സ്റ്റോറുകളും കൺസ്യൂമർഫെഡും വിലനിലവാരം പിടിച്ചുനിർത്താനുള്ള സഹകരണ പ്രസ്ഥാനത്തിന്റെ ശേഷിയെ കരുത്തുറ്റതാക്കാൻ വേണ്ടിയാണ് 80 കോടി രൂപ കഴിഞ്ഞ തവണ സബ്സിഡി കൊടുത്തത്. എന്നാൽ ഈ വർഷം അത് 50 കോടി രൂപയാക്കി ചുരുക്കി. വില നിലവാരം വാണംപോലെ ഉയരുമ്പോൾ സബ്സിഡി കൂട്ടുന്നതിനുപകരം കുറയ്ക്കുകയാണ് ചെയ്തിരിക്കുന്നത്. ഇക്കാര്യത്തിൽ സഹകരണ രംഗവും വകുപ്പുമന്ത്രിയും ഇടപെടണം. മറ്റൊരു കാര്യം, ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റിലെയും കൊമേഴ്സ്യൽ ടാക്സസ് ഡിപ്പാർട്ട്മെന്റിലെയും ഉദ്യോഗസ്ഥർ ശ്രീ. ജി. സുധാകരൻ മന്ത്രിയായിരുന്ന സന്ദർഭത്തിൽ സഹകരണ മേഖലയ്ക്ക് ലഭിക്കുന്ന പരിരക്ഷ സംരക്ഷിക്കാൻ ബാധ്യസ്ഥരായിരുന്നു. അല്ലാതെ അവർ ഒരിക്കലും സഹകരണ മേഖലയിൽ കയറി ഇടപെട്ടിരുന്നില്ല. എന്നാൽ കൊമേഴ്സ്യൽ ടാക്സസ് ഡിപ്പാർട്ട്മെന്റും ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റും നമ്മുടെ ബാങ്കുകൾക്കകത്തുകയറി നിരങ്ങുകയാണ്. ഒരു സഹകരണ സംഘവും സ്വകാര്യ ഇടപാടുകാരും തമ്മിലുള്ള ബന്ധംപോലും തിരിച്ചറിയാത്ത രൂപത്തിൽ ഈ

മേഖലയിലെ ഉദ്യോഗസ്ഥർ മാറുന്നു. അതിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെടണം. ഇപ്പോൾ എല്ലാ സംഘങ്ങളിലും കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കി. ഈ സന്ദർഭത്തിൽ നമ്മുടെ ഓഡിറ്റ് സമ്പ്രദായത്തിൽ മാറ്റം വരുത്തണം. ഐ.എസ്.ഒ. ഓഡിറ്റിംഗ് കൊണ്ടുവരണം. അതുപോലെ നമുക്ക് സോഫ്റ്റ്വെയർ ലൈസൻസ് ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. സൈബർ ആക്ടിന്റെ പരിധിയിൽ നിന്ന് നമ്മുടെ സഹകരണ സംഘങ്ങളെ ബുദ്ധിമുട്ടിക്കുന്ന രീതിയിലേയ്ക്ക് പോകാതിരിക്കാനാവശ്യമായ ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം സഹകരണ മേഖലയുമായി ബന്ധപ്പെട്ട് 9 വ്യത്യസ്ത വിഷയങ്ങളെ സംബന്ധിച്ച് വിപുലമായ കാര്യങ്ങൾ ശ്രദ്ധക്ഷണിക്കൽ നോട്ടീസായി സഭയിൽ ഉന്നയിച്ചിരിക്കുകയാണ്. സഭാനടപടികളുടെ ചട്ടമനുസരിച്ച് ശ്രദ്ധക്ഷണിക്കൽ നോട്ടീസിന് ബഹുമാനപ്പെട്ട മന്ത്രി ഹ്രസ്വമായ മറുപടി നൽകണമെന്നാണ് വ്യവസ്ഥ. ആയതുപാലിച്ചുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയങ്ങളെ സംബന്ധിച്ച് വളരെ ചുരുക്കത്തിലുള്ള ഒരു പ്രസ്താവനയാണ് ഞാൻ നടത്തുന്നത്. സഹകരണ സംഘങ്ങൾക്കുണ്ടായിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്

നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായപ്രകാരം സംഘങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അളവു തൂക്ക ചട്ടങ്ങളിൽ സഹകരണ മേഖലയിലെ സ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണന നൽകണമെന്ന അഭിപ്രായമില്ല. എന്നാൽ വിൽപ്പന നികുതി സംബന്ധിച്ച് സഹകരണ മേഖലയിലെ സ്ഥാപനങ്ങൾക്ക് ഇളവുകൾ നൽകേണ്ടത് ആവശ്യമാണ്. ഇക്കാര്യത്തിൽ നികുതി വകുപ്പാണ് തീരുമാനം കൈക്കൊള്ളേണ്ടത്. ഇക്കാര്യം നികുതിവകുപ്പുമായി ആശയവിനിമയം നടത്തുന്നതാണ്. കേരള സഹകരണ നിയമത്തിലെ വകുപ്പ് 57 (ഡി) (3) പ്രകാരം എല്ലാ വായ്പാ സഹകരണ സംഘങ്ങളും റിസ്ക് ഫണ്ട് സ്കീമിൽ ചേരേണ്ടതുണ്ട്. അല്ലാത്തപക്ഷം സഹകരണ സംഘങ്ങൾക്ക് വായ്പ നൽകാനുള്ള അവകാശവും നഷ്ടമാകും. റിസ്ക് ഫണ്ട് സ്കീം പ്രകാരമുള്ള പ്രീമിയം അടയ്ക്കുന്നതിൽ സംഘങ്ങൾക്കുള്ള നിബന്ധന ഒഴിവാക്കിയാൽ പല സംഘങ്ങളും കൃത്യമായും പ്രീമിയം അടയ്ക്കുന്നതിൽ വീഴ്ചവരുത്തുന്നതിനും ഇതിലൂടെ വായ്പാക്കാരന് അർഹമായ ആനുകൂല്യം ലഭിക്കാതിരിക്കുന്നതിനും സംഘത്തിന് നിഷ്ക്രിയ ആസ്തി വർദ്ധിപ്പിക്കുന്നതിനും ഇടയാകും. റിസ്ക് ഫണ്ട് സ്കീം നിലവിൽ വന്ന 01-04-2008

മുതൽ നാളിതുവരെ 18728 അപേക്ഷകളിലായി 124,34,37,576 രൂപ റിസ്ക് ഫണ്ടിൽ നിന്ന് അനുവദിച്ചുനൽകി. നിക്ഷേപ കാരുണ്യ സ്കീം പ്രകാരം ഒരു നിക്ഷേപകന് സഹകരണ സംഘങ്ങൾ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് ഒന്നര ലക്ഷം രൂപവരെ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിക്കൊണ്ടാണ് ഈ സ്കീം നടപ്പിലാക്കിയിട്ടുള്ളത്. ഒരു സംഘത്തിന് മൊത്ത നിക്ഷേപ ബാക്കിയിരിപ്പിന് പകരം ഇൻഷ്വറൻസ് പരിരക്ഷയുള്ള നിക്ഷേപങ്ങൾക്കുമാത്രം പ്രീമിയം ഒടുക്കിയാൽ മതിയെന്ന് ആവശ്യപ്പെട്ടുകൊണ്ട് പല സഹകരണ സംഘങ്ങളും ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും സ്റ്റേ വാങ്ങിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിലുള്ള തുടർനടപടികൾ പരിശോധിച്ചുവരുന്നു. സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ അംഗങ്ങളുടെ ക്ഷേമത്തിനായി 'സഹകരണ മെമ്പർ റിലീഫ് ഫണ്ട് ' എന്ന പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. ഇതിലേയ്ക്കായി ഓരോ വർഷവും സഹകരണ സംഘങ്ങളിലെ അറ്റലാഭത്തിന്റെ പത്ത് ശതമാനം തുക, പരാമവധി ഒരു ലക്ഷം രൂപ സഹകരണ മെമ്പർ റിലീഫ് ഫണ്ടിലേക്ക് വകമാറ്റുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഫണ്ടിലേക്ക് എല്ലാ സഹകരണ സംഘങ്ങളുടെയും അർഹമായ അംഗങ്ങളുടെ ക്ഷേമത്തിനായി തുക വിനിയോഗിക്കുന്നതിനുള്ള പദ്ധതി

രൂപീകരിച്ചുവരുന്നു. സഹകരണ സംഘങ്ങളുടെയും ബാങ്കുകളുടെയും ആദായ നികുതി അടയ്ക്കുന്നതിന് ആദായ നികുതി നിയമത്തിലെ വകുപ്പ് 80 (പി) പ്രകാരം ഒഴിവാക്കിയിരുന്നു. എന്നാൽ ടി ഇളവ് 2006-07 യൂണിയൻ ബഡ്ജറ്റ് പ്രകാരം നിർത്തലാക്കി. ഇത് സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതിനെതിരെ നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും തൽസ്ഥിതി തുടരുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിന് കംപ്യൂട്ടറൈസ് ചെയ്യുന്നത് സംബന്ധിച്ച് തിരുവനന്തപുരം ജില്ലയിൽ ഒരു പൈലറ്റ് പ്രോജക്ട് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ഓഡിറ്റർമാർക്ക് ലാപ്ടോപ്പ് നൽകുകയും സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിന് സി-ഡിറ്റുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരികയുമാണ്. നിലവിലുള്ള ഓഡിറ്റ് മാന്യുവൽ പരിഷ്ക്കരിക്കുന്നതിന് ഒരു വർക്കിംഗ് ഗ്രൂപ്പ് സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവൃത്തി നടന്നുവരുന്നു. ഇൻഫർമേഷൻ സിസ്റ്റം ആഡിറ്റിംഗ് നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നിർദ്ദിഷ്ട പാനലിൽ ഉൾപ്പെടുത്താനുള്ള സാധ്യത പരിശോധിച്ചുവരുന്നു. മുൻവർഷത്തെപ്പോലെ ഓണക്കാലത്ത് പതിമൂന്നിനം അവശ്യ നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിൽനിന്ന് ഇരുപത് ശതമാനം

വിലകുറച്ച് മൂവായിരം വിപണന കേന്ദ്രങ്ങളിൽക്കൂടി ലഭ്യമാക്കാൻ കൺസ്യൂമർഫെഡ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി സർക്കാർ കൺസ്യൂമർഫെഡിന് 25 കോടിരൂപ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാന സഹകരണബാങ്കും ചില ജില്ലാ സഹകരണ ബാങ്കുകളും ഏകീകരിച്ച സോഫ്റ്റ്‌വെയറിലാണ് പ്രവർത്തിക്കുന്നത്. സഹകരണമേഖലയിലെ എല്ലാ ബാങ്കിംഗ് സ്ഥാപനങ്ങൾക്കും ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിനുള്ള സാധ്യതകൾ പഠിച്ചതിനുശേഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. 'മിഷൻ 2025 ' എന്ന പേരിൽ മൂന്നാറിൽ നടത്തുന്ന ശിൽപ്പശാലയിൽ വിവര സാങ്കേതികവിദ്യയുടെ സാധ്യതകളടക്കം സംസ്ഥാനത്ത് സഹകരണ മേഖല ഇന്ന് അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സഹകാരികളുമായി വിശദമായി ചർച്ച ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന കാര്യവും ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അങ്ങയേയും ആ പരിപാടിയിലേയ്ക്ക് ഞാൻ പ്രത്യേകമായി ക്ഷണിക്കുന്നതായിരിക്കും.

ശ്രീ. എം. ഹംസ: സർ, അങ്ങ് വളരെ പോസിറ്റീവായി മറുപടി പറഞ്ഞു. ഒരു കാര്യംകൂടി അങ്ങ് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പുമന്ത്രി കൂടി പ്രതികരിച്ചാൽ നല്ലതായിരിക്കും. സ്റ്റാമ്പ്

ഡ്യൂട്ടിയിൽനിന്ന് സഹകരണ സംഘങ്ങളെ ഒഴിവാക്കുന്ന മുമ്പുള്ള കീഴ്വഴക്കം തുടരുമെന്ന് പ്രഖ്യാപിക്കാനാവശ്യമായ ഇടപെടൽ നടത്തുമോ; രണ്ടു വകുപ്പുകളും സഹകാരികളുമായി ബന്ധപ്പെട്ട് ചർച്ചചെയ്ത് ഇപ്പോൾതന്നെ അതിന് തീരുമാനമാക്കുമോ; ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പുമന്ത്രി പ്രതികരിച്ചാൽ നന്നായിരുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, അത് പരിശോധിച്ച് നടപടി സ്വീകരിക്കാം.